**പതിമൂന്നാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3098 11.12.2014-ൽ മറുപടിക്ക്

## സ്മാർട്ട് വില്ലേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>,, റ്റി. എൻ. പ്രതാപൻ<br>,, വി.പി. സജീന്ദ്രൻ<br>,, എ. റ്റി. ജോർജ് | ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |

| | | |
|---|---|---|
| (എ) സ്മാർട്ട് വില്ലേജുകൾ ആരംഭിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;<br><br>(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) യും (ബി) യും | ഉണ്ട്. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് 'സ്മാർട്ട്' റവന്യൂ ഓഫീസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത് എവിടെ വച്ചും (Any time Any where) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവയെ പരമാവധി ആശ്രയിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

| | |
|---|---|
| (സി) പദ്ധതി നട ത്തിപ്പിനായി എ ന്തെ ല്ലാം നടപടി സ്വീകരിച്ചിട്ടു ണ്ട്; വിശദമാക്കാമോ? | (സി) സ്മാർട്ട് വില്ലേജ് പദ്ധതി നടത്തിപ്പിനായി ആദ്യഘട്ടമായി 14 വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റുന്നതിന് തീരുമാനിക്കുകയും അവയിൽ 13 വില്ലേജ് ഓഫീസുകളുടെ നിർമ്മാണം ഹാബിറ്റാറ്റ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തുകയും, മലപ്പുറം ജില്ലയിലെ അമരമ്പലം വില്ലേജ് ഓഫീസിന്റെ നിർമ്മാണം ജില്ലാ നിർമ്മിതി കേന്ദ്രയെ ഏൽപ്പിക്കുകയും ചെയ്തു. പ്രസ്തുത വില്ലേജുകളുടെ നിർമ്മാണത്തിന് ആകെ 1 കോടി 60 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും നവീകരണ പ്രവർത്തനം നടന്നു വരികയുമാണ്.<br><br>സ്മാർട്ട് വില്ലേജ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എറണാകുളം, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകൾ ഒഴികെ ബാക്കി 10 ജില്ലകളിലായി 16 വില്ലേജാഫീസുകൾ സ്മാർട്ട്റവന്യൂ ഓഫീസ് മാതൃകയിൽ നിർമ്മിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതും ആയതിൽ ഒരെണ്ണം എം.എൽ.എ ഫണ്ടിൽ നിന്നും 15 എണ്ണം പ്ലാൻ ഫണ്ടിൽ നിന്നുള്ള തുക വിനിയോഗിച്ചും നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 15 വില്ലേജ് ഓഫീസുകളുടെ നിർമ്മാണത്തിന് 3.29 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും ആകുന്നു. പ്രസ്തുത വില്ലേജുകളുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ